# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ.4953 | 22.05.2017-ൽ<br>മറുപടിക്ക് |

**ചെറുവക്കൽ വില്ലേജിലെ 30 സെന്റ് സ്ഥലം കൈമാറ്റം ചെയ്തതിന്റെ വിവരങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) തിരുവനന്തപുരം ജില്ലയിലെ ചെറുവക്കൽ വില്ലേജിൽ, മെഡിക്കൽ കോളേജിനു സമീപമുള്ള സർവ്വെ 819-ൽ പ്പെട്ട (റീ സർവ്വേ 7/9) 30 സെന്റ് സ്ഥലം ചാരിറ്റബിൾ ട്രസ്റ്റിന്റെ പേരിൽ കൈമാറ്റം ചെയ്തത്തിന്റെ ഡോക്യുമെന്റ് നമ്പർ വ്യക്തമാക്കുമോ; കൈമാറ്റ വില എത്രയാണെന്ന് വെളിപ്പെടുത്തുമോ; | എ) ഡോക്യുമെന്റ് നമ്പർ 867/2017<br>കൈമാറ്റവില – 1,42,50,000/- രൂപ |
| ബി) ഈ സർവ്വെ നമ്പരിൽ റോഡ് ആക്സസ് ഉള്ള സ്ഥലത്തിന് നിശ്ചയിച്ചിട്ടുള്ള 50 ശതമാനം വർദ്ധന വരുത്തിയ വില സെന്റിന് എത്രയാണ്; | ബി) ചെറുവക്കൽ വില്ലേജിലെ റീസർവ്വെ 7/9 Wet Land ഇനത്തിൽ ഒരു ആർ വസ്തുവിന് 50% വർദ്ധനവ് വരുത്തിയ ന്യായവില 3,90,000/- രൂപയാണ് (സെന്റിന് 1,57,895/- രൂപ). എന്നാൽ റീസർവ്വെ 7 ൽപ്പെട്ട എൻ.എച്ച് / പി.ഡബ്ല്യു.ഡി റോഡ് ആക്സസ് എന്ന ക്ലാസിഫിക്കേഷനിൻ ഒരു ആറിന് 7,50,000/- രൂപ കണക്കാക്കിയിട്ടുള്ളതും, 50% വർദ്ധനവ് വരുത്തി 11,25,000/- രൂപ ന്യായവില (സെന്റിന് 4,55,466/- രൂപ) നിശ്ചയിച്ചിട്ടുള്ളതുമാണ്. |
| സി) സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ എത്ര രൂപ ഈ കൈമാറ്റത്തിന് ഈടാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | സി) ടി വസ്തു രജിസ്റ്റർ ചെയ്യുന്നതിന് SRO 136/2017, 137/2017 എന്നീ നമ്പരുകളിലായി പ്രസിദ്ധീകരിച്ചിട്ടുള്ള 17.03.2017 തീയതിയിലെ G.O(P) No.12/2017/TD, G.O(P)No.13/2017/TD എന്നീ ഉത്തരവുകൾ പ്രകാരം രജിസ്ട്രേഷൻ ഫീസിലും, സ്റ്റാമ്പ് ഡ്യൂട്ടിയിലും സർക്കാർ ഇളവുകൾ അനുവദിച്ചിട്ടുള്ളതിനാൽ പ്രസ്തുത കൈമാറ്റത്തിന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഈടാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**